പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 3507

23.06.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## ദാറുൽ ഫുർഖാൻ ഇസ്ലാമിക് സെന്റർ പോലീസ് പൂട്ടി സീൽ ചെയ്തതിനു കാരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.റ്റി.എ. റഹീം** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മണ്ണാർക്കാട് - തെങ്കര-ചിറപ്പാലം എന്ന സ്ഥലത്ത് ദാറുൽ ഫുർഖാൻ ഇസ്ലാമിക് സെന്റർ എന്ന സ്ഥാപനം പോലീസ് പൂട്ടി സീൽ ചെയ്തിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | മണ്ണാർക്കാട് - തെങ്കര-ചിറപ്പാലം എന്ന സ്ഥലത്ത് ദാറുൽ ഫുർഖാൻ ഇസ്ലാമിക് സെന്റർ എന്ന സ്ഥാപനം പോലീസ് പൂട്ടി സീൽ ചെയ്തിട്ടില്ല. എന്നാൽ അനധികൃതമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ജില്ലാ സാമൂഹ്യനീതി ഓഫീസർ പൂട്ടി സീൽ ചെയ്യുന്ന നടപടിക്രമങ്ങൾക്ക് മതിയായ സംരക്ഷണം നൽകുക മാത്രമാണ് പോലീസ് ചെയ്തിട്ടുള്ളത്. സാമൂഹ്യനീതി ഓഫീസറുടെ അന്വേഷണത്തിൽ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം അംഗീകാരം ഇല്ലാത്ത സ്ഥാപനമാണ് ദാറുൽ ഫുർഖാൻ ഇസ്ലാമിക് സെന്റർ എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യം പോലും ഇല്ലാതെ താൽക്കാലിക ടിൻ ഷെഡ്ഡിൽ 10 വയസ്സ് മുതൽ 22 വയസ്സ് വരെ പ്രായമുള്ള 65ഓളം കുട്ടികളെ വൃത്തിഹീനമായ സാഹചര്യത്തിൽ താമസിപ്പിച്ചുവരുന്നു എന്നും കുട്ടികൾ സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണെന്നും സ്ഥാപനത്തിന്റെ പേരിൽ വൻ പണപ്പിരിവ് നടന്ന് വരുന്നുണ്ട് എന്ന് ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന് രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ജില്ലാ കളക്ടർ ഈ സ്ഥാപനം അടച്ച് പൂട്ടുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. |
| (സി) മതപാഠശാലകളും, സെമിനാരികളും നടത്തുന്നതിന് എവിടെ നിന്നാണ് ലൈസൻസ് എടുക്കേണ്ടത്; വിശദമാക്കാമോ? | (സി) | മതപാഠശാലകളോ സെമിനാരികളോ നടത്തുന്നതിനായി ആരാധനാലയങ്ങൾ നിർമ്മിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജില്ലാ കളക്ടർക്ക് നിരാക്ഷേപപത്രം/അനുമതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഇപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വിവിധ സർക്കാർ ഏജൻസികൾ (ജില്ലാ പോലീസ് മേധാവി, R.D.O. എന്നിവർ) മുഖേന അന്വേഷണം നടത്തി ജില്ലാ കളക്ടർ നിരാക്ഷേപപത്രം/അനുമതി നൽകുന്നു. |

സെക്ഷൻ ഓഫീസർ